## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1514** **06/03/2020 -ൽ മറുപടിക്ക്**

### കാഞ്ഞിരംകുളം ഗവ: കോളേജിന് ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **ഡോ.കെ.ടി.ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| (എ) ഒരു കോളേജ് പ്രവർത്തിയ്ക്കുന്നതിന് ആവശ്യമായ അഞ്ച് ഏക്കർ ഭൂമി ഇല്ലാത്തതിനാൽ അഫിലിയേഷൻ തന്നെ റദ്ദാകുമെന്ന അവസ്ഥയിൽ നിൽക്കുന്ന കാഞ്ഞിരംകുളം ഗവ: കോളേജിന് മതിയായ ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഭൂമി ഏറ്റെടുക്കാനുള്ള പണം അനുവദിക്കുമോ; വ്യക്തമാക്കുമോ? | (എ) | സർവ്വകലാശാല ചട്ടവും യു.ജി.സി നിബന്ധനകൾ പ്രകാരവും ഒരു ആർട്സ് & സയൻസ് കോളേജ് പ്രവർത്തിക്കുന്നതിന് അഞ്ച് ഏക്കർ സ്ഥലം ആവശ്യമാണ്. നിലവിൽ ഈ കോളേജിന് ശ്രീ.കുഞ്ഞികൃഷ്ണൻ നാടാർ എന്ന വ്യക്തി സംഭാവന ചെയ്ത 1.65 ഏക്കർ സ്ഥലം മാത്രമാണ് ഉള്ളത്. 1982 മുതൽ കോളേജ് പ്രവർത്തിച്ച വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനായി കോളേജ് തല ലാൻഡ് പർച്ചേസ് കമ്മിറ്റി നടത്തിയ സ്ഥലം പരിശോധനയുടെ അടിസ്ഥാനത്തിൽ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ച വരികയാണ്. |

**സെക്ഷൻ ഓഫീസർ**